# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 781 — 29/11/2018 ൽ മറുപടിക്ക്

**തിരുവിതാകൂർ ദേവസ്വം ബോർഡിൽ പബ്ലിക് റിലേഷൻസ് ഓഫീസർ നിയമനം**

ചോദ്യം — മറുപടി

ശ്രീ.പി.സി.ജോർജ് — ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 01.04.2018 ന് ശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പുതിയതായി പബ്ലിക് റിലേഷൻസ് ഓഫീസർ ആയി ആരെയാണ് നിയമിച്ചിരിക്കുന്നത്; അദ്ദേഹത്തിന്റെ യോഗ്യതകൾ/പ്രവൃത്തിപരിചയം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രീ.ഡി.സുനിൽ, വലിയവിള വീട്, അരുമാനൂർ, പൂവാർ.പി.ഒ, തിരുവനന്തപുരം-നെ താത്ക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.<br>യോഗ്യത:<br>ബി.എസ്.സി (ഫിസിക്സ്), എം.എ(ഇംഗ്ലീഷ്), പി.ജി. ഇൻ ജേർണലിസം, ബി.എഡ്.<br>പ്രവർത്തി പരിചയം:<br>(സീനിയർ റിപ്പോർട്ടർ/സീനിയർ ബ്രോഡ് കാസ്റ്റ് ജേർണലിസ്റ്റ് ഇൻ കൈരളി ടി.വി), പ്രസന്റിംങ് ആന്റ് ആംങ്കറിംഗ് ന്യൂസ് ആന്റ് ന്യൂസ് റിലേറ്റഡ് ഷോസ് ഇൻ കൈരളി, പീപ്പിൾ ടി.വി ആന്റ് കൈരളി അറേബ്യാ/ ജീവൻ ടി.വി (ലൈവ് ന്യൂസ് പ്രൊഡക്ഷൻ)/ സിക്സ് മന്ത്സ് ഇൻഡെൻഷിപ്പ് വിത്ത് ഇൻഡ്യാവിഷൻ, ട്രിവാൻഡ്രം ബ്യൂറോ/ റിപ്പോർട്ടർ ഇൻ സിറ്റി ചാനൽ ഫോർ 2 ഇയേഴ്സ് / ആസ് റിപ്പോർട്ടർ ഇൻ എ.സി.വി ഫോർ 1 ഇയർ/ സ്പെഷ്യൽ റിപ്പോർട്ടിംഗ് സ്കൂൾ കലോത്സവം, അസോസിയേറ്റ് ഡയറക്ടർ, ഡോക്യുമെന്ററി ഫിലിംസ്/ ടീച്ചിംഗ് ഫാക്കൽറ്റി ഇൻ ജേർണലിസം ഇൻസ്റ്റിറ്റ്യൂട്ട്. |
| (ബി) | 01.04.2018 ന് ശേഷം പുതിയ പി. ആർ. ഒ. നിയമനത്തിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് പത്രമാധ്യമങ്ങളിൽ പരസ്യം കൊടുത്തിരുന്നോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | പത്രമാദ്ധ്യമങ്ങളിൽ പരസ്യം നൽകിയിരുന്നില്ല. |
| (സി) | പി. ആർ.ഒ. നിയമനത്തിൽ ദേവസ്വം ബോർഡ് നേരിട്ടാണോ തെരഞ്ഞെടുപ്പ് നടത്തിയത്; അതോ കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് മുഖേനയാണോ ; ഇൻറർവ്യൂവിൻെറ വിശദാംശങ്ങൾ വ്യക്താമാക്കുമോ; | (സി) | ദേവസ്വം ബോർഡാണ് തിരഞ്ഞെടുത്തിട്ടുളളത്. |

| | | | |
|---|---|---|---|
| (ഡി) | 31.03.2018 വരെ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നാളിതുവരെ എത്ര പി. ആർ. ഒ മാർ ഉണ്ടായിരുന്നു അവരുടെ യോഗ്യതകൾ / പ്രവൃത്തിപരിചയങ്ങൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ; | (ഡി) | 1) അയർകുന്നം രാമൻ നായർ (പി.പി.രാമൻനായർ)- എസ്.എസ്.എൽ.സി<br>2) പെരിനാട് മോഹൻ ( പി.മോഹനൻപിള്ള)- ബി.എ (സാമ്പത്തിക ശാസ്ത്രം)<br>3) എൽ.മുരളീധരൻ ബി.കോം, എം.എ(സോഷിയോളജി), പി.ജി ഡിപ്ലോമാ ഇൻ പബ്ലിക്ക് റിലേഷൻസ് ആന്റ് ജേണലിസം, ഡിപ്ലോമാ ഇൻ ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ. |
| (ഇ) | 31.03.2018 വരെ സേവനം അനുഷ്ഠിച്ച പി. ആർ. ഒ മാരുടെ നിയമനം ഏതു രീതിയിലാണ് നടത്തിയത് വ്യക്തമാക്കുമോ? | (ഇ) | ശ്രീ.അയർകുന്നം രാമൻ നായരെ താൽക്കാലികാടിസ്ഥാനത്തിൽ പബ്ലിക്ക് റിലേഷൻസ് ആഫീസർ ആയി നിയമിക്കുകയും പിൽക്കാലത്ത് സർവ്വീസ് റഗുലറൈസ് ചെയ്യുകയും ചെയ്തു. മറ്റ് രണ്ടു പേരെയും അസിസ്റ്റന്റ് പബ്ലിക്ക് റിലേഷൻസ് ആഫീസർ തസ്തികയിൽ നിയമനം ലഭിച്ച് ജോലി നോക്കിവരവെ പബ്ലിക്ക് റിലേഷൻസ് ആഫീസർ തസ്തികയിൽ ഒഴിവുണ്ടായ മുറയ്ക്ക് പ്രൊമോട്ട് ചെയ്തു. |

സെക്ഷൻ ഓഫീസർ